**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2670</u>** **<u>28-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരമുള്ള ധനസഹായം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **<u>ശ്രീ. പി . ഉബൈദുള്ള</u>** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചവർക്ക് ഒരു മാസത്തിലധികമായി പണം നൽകാൻ സാധിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഭൂമി രജിസ്റ്റർ ചെയ്ത് കൊടുത്തവർക്ക് അവരുടെ കൈവശം ഉണ്ടായിരുന്ന ഭൂമി കൈവിട്ടുപോവുകയും എന്നാൽ അതിന്റെ വില കിട്ടാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഗൗരവത്തോടെ കാണുന്നു. |
| (സി) | ഇക്കാരണത്താൽ ബ്ലോക്ക് തലത്തിലുള്ള പട്ടികജാതി വികസന ഓഫീസുകളിൽ പ്രശ്നങ്ങൾ ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ഡി) | ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി രജിസ്റ്റർ ചെയ്ത് കൊടുത്തവർക്ക് തുക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ഡി) | ഭൂമി രജിസ്റ്റർ ചെയ്ത് കൊടുത്തവർക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ഈ ഇനത്തിൽ തുക ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തുക കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ